# കഷണ്ടിക്ക് എണ്ണ ചികിത്സ, ക്യാൻസറിന് തൈല ചികിത്സ, ഭ്രാന്തിന് മന്ത്രചികിത്സ

രോഗികളെ സ്വയം ചികിത്സയ്ക്കു പ്രേരിപ്പിക്കുന്ന മരുന്നുകൾ ദിനംപ്രതിയെന്നോണം വിപുലമായ പരസ്യങ്ങളുമായി വിപണിയിലിറങ്ങിക്കൊണ്ടിരിക്കുകയാണ്. അകാല നരമുതൽ കാലിലെ ആണിരോഗം വരെയും കഷണ്ടി മുതൽ മൂലക്കുരുവരെയും പഴകിയ ആസ്ത്മ മുതൽ വന്ധ്യതവരെയും ഉള്ള സകലമാന രോഗങ്ങളും മാറ്റിയേ അടങ്ങൂ എന്നു പ്രഖ്യാപിച്ച് രോഗികളുടെ അനുഭവക്കുറിപ്പുകളടക്കം, എല്ലാ പരസ്യമാധ്യമങ്ങളിലും ഇത്തരം ഉത്പന്നങ്ങളുടെ പരസ്യങ്ങൾ കാണാം.


ആയുർവേദ, സിദ്ധവൈദ്യം, പ്രകൃതിചികിത്സ, യുനാനി, മന്ത്രശക്തി എന്നിങ്ങനെ പലയിനങ്ങളിലായാണ് ഇക്കൂട്ടരുടെ അവതാരങ്ങൾ. മരുന്ന് മാത്രമല്ല അപൂർവ ശക്തിയുള്ള മാന്ത്രിക ഏലസുകൾവരെ രംഗത്തുണ്ട്. മരുന്നിന്റെ പേരുപറയാതെ ചികിത്സകന്റെ പേരുവച്ച് കൊടുക്കുന്ന സ്ഥാപനങ്ങളുടെ പരസ്യവും ധാരാളം.

സാക്ഷരതാ ശതമാനം കൂടും തോറും സാമാന്യബോധം കുറഞ്ഞുവരികയാണ് കേരളീയർക്ക്. ഇത്തരം 'ഔഷധ അവതാരങ്ങൾ'ക്ക് കേരളത്തിൽ ലഭിക്കുന്ന സ്വീകരണം ആരെയും അത്ഭുതപ്പെടുത്തും. പരസ്യങ്ങൾക്കായി സ്വയം ചികിത്സ നിർണയിക്കുന്നവരുടെ എണ്ണം ദിനംപ്രതി കൂടിവരികയാണ് കേരളത്തിൽ. അതിനു കാരണങ്ങൾ പലതാണ്.

ലൈംഗികശേഷിക്കുറവ്, ആർത്തവസംബന്ധമായ പ്രശ്നങ്ങൾ, ക്ഷീണം എന്നിവയുള്ളവർക്ക് മിക്കപ്പോഴും ഒരു ഡോക്ടറെ കാണാനും രോഗവിവരം ചർച്ചചെയ്യാനും മടിയാണ്. ഇക്കൂട്ടർ ഇത്തരം പ്രശ്നങ്ങൾ തീർക്കുമെന്ന മട്ടിലുള്ള പരസ്യം കാണുമ്പോൾ, പോയാൽ പോകട്ടെ നൂറോ ഇരുന്നൂറോ രൂപ എന്ന മട്ടിൽ സ്വയം ചികിത്സയ്ക്കിറങ്ങുന്നു.

ആസ്ത്മ, വെള്ളപാണ്ഡ്, വെള്ളപോക്ക്, ആർത്തവ സംബന്ധമായ പ്രശ്നങ്ങൾ തുടങ്ങിയ അസുഖങ്ങൾക്ക് പല ചികിത്സകരെയും കാണുകയും രോഗശമനം കിട്ടാതിരിക്കുകയും ചെയ്യുന്നവർ, ഒരു ഘട്ടം കഴിയുമ്പോൾ ഡോക്ടർമാരെ കാണൽ നിർത്തും. അക്കൂട്ടർരും ഇത്തരം പരസ്യങ്ങൾ കാണുമ്പോൾ 'ഒത്താലൊത്തു' എന്ന മട്ടിൽ ഒരു പരീക്ഷണത്തിനു മുതിരും.

കേരളീയന്റെ രോഗമായ 'അമിതമായ ആരോഗ്യചിന്ത'യും കുഴപ്പമുണ്ടാക്കുന്നുണ്ട്. കുട്ടികൾക്ക് ബുദ്ധിശക്തി വർധിക്കാൻ, പഠിക്കുന്നതിനുള്ള ഊർജം കിട്ടാൻ, പ്രായം കൂടുമ്പോൾ സ്വാഭാവികമായുണ്ടാകുന്ന ക്ഷീണം




മാറ്റാൻ, ധാതുപുഷ്ടിക്ക്, രോഗപ്രതിരോധ ശേഷിക്ക്, വൈറ്റമിൻ കുറവ് നികത്താൻ എന്നൊക്കെ പറഞ്ഞിറങ്ങുന്ന ഔഷധങ്ങൾ വെറുതേ വാങ്ങി കഴിക്കുകയും കഴിപ്പിക്കുകയും ചെയ്യുന്ന സ്വഭാവം പുതിയ മലയാളിയുടെ മുഖമുദ്രയാവുകയാണ്.

ആയുർവേദിക്, നാച്വറൽ എന്നൊക്കെ വിശേഷിപ്പിച്ച് പുറത്തിറക്കുന്ന ഈ സാധനങ്ങൾ കഴിച്ചാൽ അഥവാ ഗുണമുണ്ടായിയെങ്കിലും പാർശ്വഫലങ്ങളും ദോഷങ്ങളും ഉണ്ടാവില്ല എന്നൊരു ധാരണയും കൂടി പരത്തിയിരിക്കുന്നതിനാൽ, സംശയലേശമെന്യേ ഇത്തരം മരുന്നുകൾ പ്രയോഗിക്കപ്പെടുന്നു.

രോഗിയെ പരിശോധിച്ച് വൈദ്യൻ നിർദേശിച്ചു നല്കേണ്ട പല ആയുർവേദമരുന്നുകളും ജനറൽ ടോണിക് എന്ന നിലയിൽ വമ്പിച്ച പരസ്യപ്രചാരണത്തോടെ വിപണിയിലിറക്കുന്ന ആയുർവേദ ബിസിനസുകാരാണ് ഈ സ്വയം ചികിത്സാ ഔഷധങ്ങൾക്ക് ഇത്രയും വലിയൊരു വിപണി ഉണ്ടാക്കിയെടുത്തത്. ഇക്കാര്യത്തിൽ ഔഷധി മുതൽ അമൃതാ ഫാർമസി വരെയുള്ളവർ ഒരുപോലെ കുറ്റക്കാരാണ്.

ഇവരേക്കാളെല്ലാം വലിയ തെമ്മാടിത്തരം ചെയ്യുന്നത് ഇത്തരം പരസ്യം പ്രസിദ്ധീകരിക്കുന്ന പ്രസിദ്ധീകരണങ്ങളാണ്. പരസ്യം കിട്ടിയാൽ വേണ്ടെന്നുവയ്ക്കാനാവുന്ന എന്നാണു ചോദ്യമെങ്കിൽ വേണം എന്നാണു ചോദ്യമെങ്കിൽ വേണം എന്നാണുത്തരം. കാരണം ഇത്തരം പരസ്യങ്ങൾ അച്ചടിക്കുന്നതും പ്രസിദ്ധീകരിക്കുന്നതും തടഞ്ഞുകൊണ്ടുള്ള വ്യക്തമായ നിയമം ഇവിടെ നിലവിലുണ്ടെന്ന് പത്രക്കാർക്കറിയാം. എന്നിട്ട് ഇത്തരം പരസ്യങ്ങൾക്ക് ഇടംകൊടുക്കുന്നവർ കള്ളന് കഞ്ഞിവയ്ക്കുന്നവരാണ്.

ഇത്തരം പരസ്യങ്ങളെ നിയന്ത്രിക്കുന്ന നിയമം 1954 മുതൽ ഇന്ത്യയിൽ നിലവിലുണ്ട്. ഡ്രഗ്സ് ആൻഡ് മാജിക് റിമെഡീസ് (ഒബ്ജെക്ഷണബ്ൾ അഡ്വർടൈസ്മെന്റ്സ്) ആക്ട് എന്നാണതിന്റെ പേര്. മരുന്നുകളെയും അത്ഭുത ചികിത്സകളെയും സംബന്ധിച്ച ആക്ഷേപാർഹമായ പരസ്യങ്ങൾ സംബന്ധിച്ച നിയമം എന്നർഥം.

ഈ നിയമത്തിലെ മൂന്നാംവകുപ്പ്, ചില പ്രത്യേക രോഗങ്ങൾക്കും വൈകല്യങ്ങൾക്കും ഉപയോഗിക്കാവുന്നത് എന്നുപറഞ്ഞുകൊണ്ട് മരുന്നുകളുടെയോ മറ്റ് ചികിത്സാ സംവിധാനങ്ങളുടെ മാന്ത്രിക ചരടുകളുടെയോ തകിടുകളുടെയോ ഏലസുകളുടേയോ ഒക്കെ പരസ്യം കൊടുക്കുന്നതും അടിക്കുന്നതും പ്രസിദ്ധീകരിക്കുന്നതും നിരോധിക്കുന്നു.

## പരസ്യം നിയന്ത്രിക്കപ്പെട്ട ഔഷധങ്ങൾ

ഗർഭം അലസിപ്പോകുന്നത് ഇല്ലാതാക്കാനോ ഗർഭം ധരിക്കുന്നത് തടയാനോ സഹായിക്കുമെന്നു പറയുന്ന ഔഷധങ്ങൾ, സ്ത്രീപുരുഷന്മാരുടെ ലൈംഗികശേഷി നിലനിർത്താനോ വർധിപ്പിക്കാനോ സഹായിക്കുമെന്നു പറയുന്ന ഔഷധങ്ങൾ, സ്ത്രീകളിലെ ആർത്തവ സംബന്ധിയായ ക്രമക്കേടുകളെ ഭേദപ്പെടുത്താൻ സഹായിക്കുമെന്നു പറയുന്ന ഔഷധങ്ങൾ, നിയമത്തിന്റെ ഭാഗമായുള്ള പട്ടികയിൽ പേരുപറയുന്ന ഏതെങ്കിലും രോഗമോ വൈകല്യമോ ഭേദപ്പെടുത്താൻ സഹായിക്കുമെന്നു പറയുന്ന ഔഷധങ്ങൾ ഇവയെല്ലാമാണ് ഈ നിയമംമൂലം പരസ്യം നല്കുന്നതിൽനിന്നും വിലക്കപ്പെട്ടിട്ടുള്ള മരുന്നുകളും ചികിത്സകളും. മരുന്ന് എന്നുറപ്പിച്ചാൽ കഴിക്കുന്നതോ പുരട്ടുന്നതോ ആയ ഔഷധങ്ങൾ മാത്രമല്ല യന്ത്രങ്ങളും ഉപകരണങ്ങളും സംവിധാനങ്ങളും തകിടുകളും ഏലസുകളും കവചങ്ങളും എല്ലാം ഉൾപ്പെടുമെന്ന് നിയമം വ്യക്തമാക്കുന്നുണ്ട്.

നിയമത്തിന്റെ ഭാഗമായുള്ള പട്ടികയിൽ 54 ഇനം രോഗങ്ങളാണ് കൊടുത്തിട്ടുള്ളത്. അവയിൽ അപ്പന്റിസൈറ്റിസ്, കാൻസർ, പ്രമേഹം, തിമിരം, അന്ധത, ബധിരത, തലച്ചോറിനെയും നാഡികളെയും ലൈംഗികാവയവങ്ങളെയും ഗർഭപാത്രത്തെയും ബാധിക്കുന്ന എല്ലാ തകരാറുകളും, ശരീരത്തിന്റെ രൂപവും ആകൃതിയും അപസ്മാരം, പനി, സ്ത്രീരോഗങ്ങൾ, വൃക്കയിലെ കല്ല്, ഹൃദ്രോഗങ്ങൾ, ഗോയിറ്റർ, രക്തസമ്മർദം, കുഷ്ഠം, ഭ്രാന്ത്, വെള്ളപാണ്ഡ്, നാഡീ ബലക്ഷയം, അമിതവണ്ണം, തളർവാതം, പ്ലേഗ്, ന്യൂമോണിയ, വാതം, വന്ധ്യത, വസൂരി, ക്ഷയം, മുഴകൾ, ദഹനവ്യവസ്ഥയിലെ അൾസറുകൾ എന്നിവ ഉൾപ്പെടുന്നു.

മേൽപറഞ്ഞ രോഗങ്ങളെയോ ക്രമക്കേടുകളെയോ ഭേദപ്പെടുത്തുമെന്ന് പറഞ്ഞുകൊണ്ട് ഔഷധങ്ങളുടെയോ ചികിത്സയുടെയോ മാന്ത്രിക ഏലസുകളുടെയോ ഒക്കെ പരസ്യം പ്രസിദ്ധീകരിക്കുന്നത് ഈ നിയമം വ്യക്തമായും കൃത്യമായും നിരോധിക്കുന്നു. എന്നിട്ടും നിയമം ലംഘിച്ച് സാധാരണ മനുഷ്യന്റെ രോഗാതുരതയെ ചൂഷണം ചെയ്യുന്ന ഔഷധനിർമാതാക്കളുടെയും ചികിത്സകരുടെയും അവർക്ക് കൂടപിടിക്കുന്ന പ്രസിദ്ധീകരണക്കാരുടെയും എണ്ണവും വണ്ണവും കൂടിവരികയാണ്. ഇത്തരം പരസ്യങ്ങളെ നിയന്ത്രിക്കാൻ ഉത്തരവാദപ്പെട്ടവരോ ഉപഭോക്താക്കളോ ശ്രമിക്കുന്നില്ല എന്നതാണ് ഈ കളകളുടെ വളർച്ചയ്ക്ക് വളമാവുന്നത്.